## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 14,7-14

***"ക്രിസ്തുവിന്റെ തിരുമുഖമായി എന്റെ മുഖം മാറ്റപ്പെടുമ്പോഴാണ് എന്നെ കാണുന്നവർ എന്റെ പിതാവിനെ കാണുന്നുവെന്ന് പറയാൻ സാധിക്കുക!"***

ക്രിസ്തു പറയുന്നു "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്ക് വരുന്നില്ല!" (യോഹ 14,6). തുടർന്ന് കൂട്ടി ചേർക്കുന്നു, അതിനാൽ, "എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു" (യോഹ 14,9). വചനഭാഗം സമ്മാനിക്കുന്ന വെല്ലുവിളി, "നിങ്ങളിൽ എത്ര പേർക്ക് പറയാൻ സാധിക്കും 'എന്നെ കാണുന്നവൻ ദൈവത്തെ കാണുന്നുവെന്ന്?'"

*"രക്തത്തിന് വെള്ളത്തേക്കാൾ കട്ടിയുണ്ട്" എന്നുള്ള പഴമൊല്ല് കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നു! കാരണം, സമ്പാദ്യമില്ലാത്ത അപ്പൻ ബാദ്ധ്യതയും കഴിവില്ലാത്ത മക്കൾ വിലയില്ലാത്തവരുമായി ഇന്ന് മാറ്റപ്പെടുന്നു!*

മലമുകളിലെ സന്ന്യാസഭവനത്തിൽ ക്രിസ്തു പിറക്കുന്ന കഥയുടെ ഒരു പുതിയ പതിപ്പുണ്ട്. ഇത് സംഭവിക്കുന്നത് മലബാറിലാണ്. അപ്പനും അമ്മയ്ക്കും കൂടി മൂന്ന് ആൺമക്കൾ. 1950 തിനോട് കൂടി പാലയിൽ നിന്ന് മലബാറിലേയ്ക്ക് ചേക്കേറിയതാണ് ചാക്കോചേട്ടന്നും അന്നംക്കുട്ടിചേച്ചിയും. എത്തിചേർന്ന അന്നുമുതൽ രാവ് പകലാക്കി അദ്ധ്വാനിച്ചു. കുറെയേറെ സ്ഥലങ്ങൾ വെട്ടിപിടിച്ച് പകലിന്റെ ചൂടും സഹിച്ച് കൃഷിയിറക്കി. ഇവരുടെ അദ്ധ്വാനത്തിൻ കർത്താവ് കൈ തുറന്ന് അനുഗ്രഹിച്ചു. പണിയെടുക്കാൻ പാകത്തിന് മൂന്ന് ആൺമക്കളെയും കർത്താവന് അവർക്ക് സമ്മാനിച്ചു. ഇന്ന് ചാക്കോചേട്ടൻ മലബാറിലെ അറിയപ്പെടുന്ന ധനാഢ്യനാണ്. നാട്ടിൽ എന്തു പ്രശ്നം വന്നാലും പരിഹാരവും തേടി നാട്ടുക്കാർ എത്തുന്നത് ചക്കോചേട്ടന്റെ അടുക്കലേയ്ക്കാണ്. കാരണം, ചാക്കോചേട്ടന്റെ കുടുംബം എല്ലാവരും അസൂയയോട് കൂടി നോക്കിയിരുന്ന ഒന്നാണ്. മക്കൾ മൂന്ന് പേരടക്കം അഞ്ചുപേർ വീട്ടിലുണ്ടെങ്കിലും അവർ അപ്പസ്തോല പ്രവർത്തനങ്ങളിൽ പറയുന്നതു പോലെയായിരുന്നു, "ഒരു ഹൃദയവും ഒരു ആത്മാവും" (അപ്പ 4,32).

മക്കൾക്ക് വിവാഹ പ്രായമായി. ചാക്കോചേട്ടൻ ഏറ്റവും നല്ല വീടുകളിൽ നിന്ന് ബന്ധുത അന്വേഷിക്കുകയും ഏറ്റവും നല്ല രീതിയിൽ വിവാഹം നടത്തുകയും ചെയ്തു. പക്ഷെ, വീട്ടിലെ മക്കളുടെയും മാതാപിതാക്കളുടെയും അടുപ്പവും ഒരുമയും കെട്ടികൊണ്ടുവന്ന പെൺകുട്ടികൾക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ കൂടുംബജീവിതം പതിയെ ദുഃഖദുരിതമാകാൻ തുടങ്ങി. "ചട്ടീം കലവുമായാൽ തട്ടീം മുട്ടിം" ഇരിക്കും എന്നു പറയുന്നതുപോലെ അവരുടെ കുടുംബത്തിൽ തട്ടലും മുട്ടലും മാത്രമായി. മക്കളുടെ ഇഴയടുപ്പങ്ങൾ പതിയെ നഷ്ട്ടപ്പെടാൻ തുടങ്ങി. മക്കളുടെ ഐക്ക്യം നഷ്ടപ്പെട്ടാൽ മാതാപിതാക്കൾക്ക് ആധിയാണ്. ചാക്കോചേട്ടനും അന്നംകുട്ടിചേച്ചിയും ഇതിനൊരു പരിഹാരം തേടി പോയത് മെത്രാനച്ചന്റെ അടുത്തേയ്ക്കാണ്. കാരണം, മെത്രാനച്ചൻ പല പ്രാവശ്യം വീട്ടിലേയ്ക്ക് വരികയും അത്താഴം കഴിക്കുകയും അന്നൊക്കെ ചാക്കോചേട്ടന്റെ കുടുംബത്തെ കുറിച്ച് അസൂയയോടെ പറയുകയും ചെയ്തിട്ടുള്ളതാണ്.

ചാക്കോചേട്ടനും അന്നംകുട്ടിചേച്ചിയും മെത്രാനച്ചന്റെ അടുത്ത് ചെന്ന് കാര്യങ്ങളെല്ലാം പറഞ്ഞു. മെത്രാനച്ചന് വല്ല്യ വിഷമമായി. മെത്രാനച്ചൻ ഒരു കുറിപ്പ് എഴുതി ചാക്കോചേട്ടന്റെ കൈയിൽ കൊടുത്തിട്ട് പറഞ്ഞു, "ഇത് ഇന്ന് വീട്ടിൽ ചെന്ന് രാത്രി കുടുംബപ്രാർത്ഥന കഴിയുമ്പോൾ എല്ലാ മക്കളെയും മരുമക്കളെയും ഒരുമിച്ച് കൂട്ടി വായിച്ച് കേൾപ്പിക്കണം. അതിനുശേഷം ഇത് വീടിന്റെ ഉമറപ്പടിയിൽ ഒട്ടിച്ച് വയ്ക്കണം."

വൈകുന്നേരമായപ്പോൾ മക്കളെയെല്ലാം ഒരുമിച്ചുകൂട്ടി ചാക്കോചേട്ടനും അന്നംകുട്ടിചേച്ചിയുംകൂടി പ്രാർത്ഥന ആരംഭിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ചാക്കോചേട്ടൻ

മക്കളെ വിളിച്ച് കാര്യം പറഞ്ഞു,

"മക്കളെ, ഇത്രയും കാലം നമ്മൾ ഒരു മനസ്സും ഒരു ഹൃദയവുമായിരുന്നു. പക്ഷെ, ഇപ്പോൾ നമ്മളുടെ കുടുംബം വലുതായപ്പോൾ ആ പഴയ അടുപ്പവും സ്നേഹവും നഷ്ടപ്പെടുന്നതുപ്പോലെ തോന്നുന്നു. ഇന്ന് ഞങ്ങൾ മെത്രാനച്ചനെ കണ്ടിരുന്നു. ഞങ്ങളുടെ ആകുലതയും ആധിയുമെല്ലാം ഞങ്ങൾ മെത്രാനച്ചനോട് പങ്കുവച്ചു. അപ്പോൾ, മെത്രാനച്ചൻ പഴയ ഇഴയടുപ്പം ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടി ഒരു കുറിപ്പ് എഴുതി തന്നിട്ടുണ്ട്. ഇത് എല്ലാവരും കേൾക്കെ വായിച്ചതിന് ശേഷം വീടിന്റെ ഉമറപ്പടിയിൽ ഒട്ടിച്ച് വയ്ക്കാനാണ് പറഞ്ഞിരിക്കുന്നത്. ഇനി ഞാൻ അത് വായിക്കാം..."

മെത്രാനച്ചന്റെ കുറിപ്പ് ഇപ്രകാരമായിരുന്നു;

"മക്കളെ, ഫ്രാൻസീസ് അസ്സീസിയെ കുറിച്ചുള്ള ദൈവഹിതം മാർപ്പാപ്പയ്ക്ക് വെളിപ്പെടുത്തി കൊടുത്തതുപ്പോലെ എനിക്ക് നിങ്ങളെ കുറിച്ചുള്ള ദൈവഹിതം തമ്പുരാൻ വെളിപ്പെടുത്തി തന്നിരിക്കുന്നു. അത് ഇപ്രകാരമാണ്, "നിങ്ങളിൽ ഒരാൾ വിശുദ്ധ പദവിയിലെത്തും!" ഇത്രയും വായിച്ചതിന് ശേഷം ആ തുണ്ടുകടലാസ് ചാക്കോച്ചേട്ടൻ വീടിന്റെ ഉമറപ്പടിയിൽ ഒട്ടിച്ച് വച്ചു."

ചാക്കോച്ചേട്ടനും അന്നംകുട്ടിച്ചേച്ചിയും മക്കളും പതിയെ പതിയെ ചിന്തിക്കാൻ തുടങ്ങുകയാണ്. ഈ കുടുംബത്തിൽ നിന്ന് ആരെങ്കിലും വിശുദ്ധപദവിയിലെത്തുന്നുണ്ടെങ്കിൽ അത് എനിക്ക് തന്നെ എത്തണമെന്ന്. അവർ, പതിയെ, വിശുദ്ധരെപ്പോലെ ജീവിക്കാൻ തുടങ്ങുകയാണ്. പരസ്പരം സഹായിക്കാനും സ്നേഹിക്കാനും പങ്കുവയ്ക്കാനും ഐക്യത്തോടെ ജീവിക്കാനും ആരംഭിക്കുകയാണ്. അവസാനം, ആ കുടുംബത്തിൽ നിന്ന് നഷ്ട്ടപ്പെട്ട സ്നേഹം ആ കുടുംബത്തിലേയ്ക്ക് തന്നെ തിരിച്ച് വരുകയാണ്.

*വിശ്വാസ ജീവിതത്തിൽ സംശയങ്ങൾ ഉണ്ടായപ്പോൾ ശിഷ്യൻമാർ അഭയം തേടിയത് ഗുരുവിന്റെ മുമ്പിലാണ്. കാരണം, കർത്താവിൽ അഭയം തേടിയവരാരും നിരാശിതരായിട്ടില്ല!*

വിശുദ്ധിയുടെ മല കയറുന്നവർ തങ്ങളുടെ മുഖത്തെ ക്രിസ്തുവിന്റെ തിരുമുഖമായി മാറ്റിയെടുക്കുകയാണ്! എങ്കിൽ, യോഹ 14,7-14 വരെയുള്ള വചനഭാഗം നമ്മിൽ ഉണർത്തുന്ന വലിയ ചിന്ത, "എന്നെ കാണുന്നവർ ദൈവത്തെ കാണുന്നുണ്ടോ?" എന്നുള്ളതാണ്. എന്നെ കാണുന്നവർ ക്രിസ്തുവിനെ കാണണമെങ്കിൽ ക്രിസ്തു എന്നിൽ രൂപപ്പെടണം. വി.പൗലോസ്ശ്ലീഹ ഗലാത്തിയർക്ക് എഴുതിയ ലേഖനത്തിൽ സൂചിപ്പിക്കുന്നതുപ്പോലെ, "ഇനിമേൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" (ഗലാ 2,20) എന്നു പറയാനുള്ള ആർജ്ജവത്വം സ്വന്തമാക്കി കഴിയുമ്പോഴാണ് ക്രിസ്തുവിന്റെ തിരുമുഖമായി നാം മാറ്റപ്പെടുക. ക്രിസ്തു പിതാവായ ദൈവത്തെ വെളിപ്പെടുത്തുന്നത് ഒന്നു ശ്രദ്ധിച്ചേ, "എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു" (യോഹ 14,9). ക്രിസ്തു തന്റെ മുഖത്തെ പിതാവായ ദൈവത്തിന്റെ മുഖമാക്കി മാറ്റുകയാണ്. ഈ ആർജ്ജവത്വം സ്വന്തമാക്കിയത് കൊണ്ടാണ് ക്രിസ്തു ഇപ്രകാരം പറയുന്നത്.

മദർ തെരേസയെ കുറിച്ച് നവിൻ ചൗള എന്ന എഴുത്തുക്കാരൻ പങ്കുവയ്ക്കുന്നതിൽ വച്ച് ഏറ്റവും മനോഹരമായ സംഭവങ്ങളിലൊന്ന്. ഒരു ദിവസം മദർ തെരേസ രാവിലത്തെ പ്രാഭാതപ്രാർത്ഥനകൾക്കും ശുശ്രൂഷകൾക്കും ശേഷം കൽക്കത്തയുടെ തെരുവിലേയ്ക്ക് വേദനിക്കുന്നവരെയും അവശരേയും പാവപ്പെട്ടവരെയും തേടി ഇറങ്ങുകയാണ്. ഒത്തിരി നേരം നടന്നു കഴിയുമ്പോൾ ഒരു മൂളക്കം കേട്ട് മദർ തെരേസ ചുറ്റു കണ്ണോടിക്കുമ്പോൾ കാണുന്നത് ഒടയിൽ ഏകദേശം പതിനാറ് വയസ് മാത്രം പ്രായമുള്ള ഒരു കുഞ്ഞ് കുഷ്ഠരോഗം ബാധിച്ച് കിടക്കുകയാണ്. പട്ടിയും പൂച്ചയും വന്ന് അവന്റെ വ്രണങ്ങൾ നക്കുന്നുണ്ട്. ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായെന്ന് കണ്ടാലറിയാം. അമ്മ അവനെ കോരിയെടുത്ത് തന്റെ കോൺവെന്റിൽ കൊണ്ടുചെന്ന് അവനെ കുളിപ്പിച്ച്, വ്രണങ്ങൾ വൃത്തിയാക്കി വച്ചുകെട്ടി, വയറുനിറയെ ഭക്ഷണം കൊടുക്കുകയാണ്. അമ്മയുടെ സ്നേഹത്തോട് കൂടി ആ കുഞ്ഞിനെ ശുശ്രൂഷിക്കുമ്പോൾ മദറിന്റെ മുഖത്തേയ്ക്ക് നോക്കി ആ കുഞ്ഞ് ചോദിക്കുകയാണ്;

"നിങ്ങൾ ദൈവമാണോ?"

ക്രിസ്തുവിന്റെ തിരുമുഖം തന്റെ പ്രവർത്തനങ്ങളിലൂടെ മദർ തെരേസ പങ്കുവയ്ച്ചപ്പോൾ ആ കുഞ്ഞ് അങ്ങനെ ചേദിച്ചില്ലെങ്കിലേ അൽഭുതമൊള്ളു. പിതാവിന്റെ മുഖം പുത്രനിലൂടെ ലോകം കണ്ടു. കരുണ കാണിക്കുന്ന, അലിവോടെ അപ്പം സമ്മാനിക്കുന്ന, ഉറങ്ങാൻ വക്ഷസ് കാണിച്ചുകൊടുക്കുന്ന, 'ഞാനും നിന്നെ വിധിക്കുന്നില്ല' എന്ന് പറഞ്ഞ് ക്ഷമിക്കുന്ന, രോഗികളെ സുഖപ്പെടുത്തി സൗഖ്യം സമ്മാനിക്കുന്ന, രക്ഷ പങ്കുവയ്ക്കുന്ന, പഠിപ്പിക്കുകയും തിരുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ തിരുമുഖം തന്നെയാണ് പിതാവിന്റെയും. കാരണം, ക്രിസ്തു പറയുന്നു, "എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു" (യോഹ 14,9).

ഇനിമുതൽ ആരും പറയരുത്, "ഞാൻ ദൈവത്തെ കണ്ടു; എനിക്ക് ദൈവാനുഭവമുണ്ടായെന്ന്." മറിച്ച്, പറയേണ്ടത്, "ഇനിമേൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" (ഗലാ 2,20). "ക്രിസ്തുവിനെ കാണണോ? എന്നിലേയ്ക്ക് നോക്ക്" എന്നതായിരിക്കണം. ക്രിസ്ത്യാനി എന്നത്, 'ക്രിസ്തുവിന്റെ അനുയായി' എന്നതിൽ നിന്ന് 'ക്രിസ്തുവിനെ വെളിപ്പെടുത്തുന്നവൻ' എന്നതിലേയ്ക്ക് വളരുമ്പോഴാണ് ഒരുവന്റെ/ഒരുവളുടെ ആത്മീയത അതിന്റെ പൂർണ്ണതയിൽ വളരുന്നത്.

"മാതാ പിതാ ഗുരു ദൈവം" എന്ന് മതാദ്ധ്യാപകൻ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുമ്പോൾ, മാതാവിനും പിതാവിനും ഗുരുവിനും ദൈവത്തിന്റെ മുഖമാണെന്ന് കുഞ്ഞുങ്ങൾ മനസ്സിലാക്കുമ്പോൾ കുഞ്ഞുങ്ങളുടെ മുഖത്തുള്ള ഭയപ്പാട് ശ്രദ്ധച്ചിട്ടുണ്ട്. ആശ്ചര്യത്തോട് കൂടി പറയുന്നതും ശ്രദ്ധിച്ചിട്ടുണ്ട്, "എന്റെ അപ്പന് ദൈവത്തിന്റെ മുഖമാണോ? എന്റെ അമ്മയ്ക്ക് ദൈവത്തിന്റെ മുഖമാണോ? എന്റെ ഗുരുവിന് ദൈവത്തിന്റെ മുഖമാണോ?" ദൈവത്തിന്റെ മുഖം പങ്കുവയ്ക്കേണ്ട മാതാവും പിതാവും ഗുരുവും ഇന്ന് പങ്കുവയ്ക്കുന്നത് പലപ്പോഴും ദൈവത്തിന്റെ മുഖമല്ല. മറിച്ച്, വേറെ പലതിന്റെയുമാണ്.

*ദൈവം പോലും*
*കൂട്ടായ്മയിൽ*
*നില നിൽക്കുന്നു...*
*"ത്രിത്വത്തിൽ"*
*ഒറ്റയ്ക്ക്*
*നേടിയെടുക്കുന്നതിനേക്കാൾ*
*ഒരുമിച്ച് നിന്നാൽ*
*നേടിയെടുക്കാനാകും!*

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനിയിലെ ഏറ്റവും മനോഹരമായ പള്ളിയിൽ ബോബ് വീണു. പള്ളിയ്ക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം പള്ളിയുടെ കേടുപാടുകൾ പ്രായമായ വികാരിയച്ചന്റെ നേതൃത്വത്തിൽ മാറ്റുകയാണ്. എറ്റവും അവസാനം ക്രൂശിതരൂപം സ്ഥാപിക്കുന്ന സമയത്താണ് വികാരിയച്ചനും ജനങ്ങളും തിരിച്ചറിയുന്നത്, "തങ്ങൾ പള്ളിയിൽ സ്ഥാപിച്ചിരുന്ന ക്രൂശിത രൂപത്തിന് ഉടല് മാത്രമെയൊള്ളു. ബാക്കിയുള്ള കൈകളും കാലുകളും ബോബാക്രമണത്തിൽ തകർന്നിരിക്കുന്നു." ജനങ്ങൾക്കെല്ലാം വലിയ വിഷമമായി. ഇനി എന്ത് ചെയ്യും. വെഞ്ചിരിപ്പിന് ആധികം ദിവസവുമില്ല. പക്ഷെ, വെഞ്ചിരിപ്പിന് വന്ന ജനങ്ങളെ അൽഭുതപ്പെടുത്തിയ വലിയ സംഭവം, 'ക്രൂശിതനായ ഈശോയുടെ കൈകളും പാദങ്ങളുമില്ലാത്ത രൂപം അൾത്താരയിൽ തൂക്കപ്പെട്ടിരിക്കുന്നു.' അതിന്റെ അടിയിൽ ഒരു കുറിപ്പും.

"വേദനിച്ച് എന്റെ അടുത്തെത്തുന്നവരെ പുണരാൻ എനിക്ക് കരങ്ങളോ, അവർക്ക് വേണ്ടി ചുറ്റിനടന്ന് നന്മചെയ്യാൻ പാദങ്ങളോ എനിക്കില്ല! നിങ്ങൾക്കെന്റെ കരങ്ങളും പാദങ്ങളും ആകാമോ?"

എങ്കിൽ, ഇന്ന് വി.പൗലോശ്ലീഹായുടെ പ്രസ്ഥാവനയ്ക്ക് കൂടുതൽ അർത്ഥം ലഭിക്കുന്നു, "ഇനിമേൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" (ഗലാ 2,20). ക്രിസ്തു എന്നിൽ ജീവിക്കുന്നുണ്ടെങ്കിൽ അവന്റെ പാദങ്ങളും കരങ്ങളും ഹൃദയവും ഞാൻ സ്വന്തമാക്കിയിരിക്കണം. ക്രിസ്തു നിറുത്തിയിടത്ത് നിന്ന് ആരംഭിക്കുമ്പോഴാണ് ക്രിസ്തീയ ആത്മീയത അതിന്റെ പൂർണതയിൽ ഫലം ചൂടുന്നത്!

***"ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണെന്ന് നിങ്ങൾ അറിയുന്നില്ലേ?"***

**ലൂക്കാ 2,49**

ഫാ. ജോബി മേനോത്ത് : +91 944 7777 931